# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വിവിധ വിഷയങ്ങൾ ഉന്നയിച്ച് പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം; മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ആറ് മാസത്തേക്ക് കൂടി നീട്ടാനുള്ള പ്രമേയത്തിന് പാർലമെന്റിന്റെ അംഗീകാരം.

   Opposition Uproar in Parliament Over Various Issues; Approval Granted to Extend President's Rule in Manipur by Six More Months.

2. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്കൊപ്പം നിലകൊണ്ട തിന് ഫിലിപ്പീൻസിന് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും ഫിലിപ്പീൻസും തമ്മിൽ ഒൻപത് ധാരണാ പത്രങ്ങൾ കൈമാറി.

   PM Narendra Modi Thanks Philippines for Supporting India in Fight Against Terrorism; Nine MoUs Exchanged Between India and Philippines.

3. ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും.

   Prime Minister Narendra Modi to Inaugurate Kartavya Bhavan in New Delhi Tomorrow.

4. ഉത്തരാഖണ്ഡിൽ മേഘവിസ്ഫോടനത്തിൽ വ്യാപക നാശനഷ്ടം; നിരവധിപേരെ കാണാതായി; രക്ഷാ ദുരിതാശ്വാസ പ്രവർത്തന ങ്ങൾ ഊർജ്ജിതം. സ്ഥിതി വിലയിരുത്തി പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര മന്ത്രിയും.

Cloudburst Causes Widespread Destruction in Uttarakhand; Several Missing as Rescue Operations Intensify; PM and Home Minister Assess Situation.

5. കേരളത്തിലും കനത്ത മഴ തുടരുന്നു; വിവിധ ജില്ലകളിൽ മഴക്കെടുതി രൂക്ഷം; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

Heavy Rains Continue in Kerala; Damage Reported in Several Districts; Fishing Banned Off Kerala, Karnataka, and Lakshadweep Coasts Today and Tomorrow.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## REV. PAR-ADJOURN

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണത്തിലെ പ്രതിപക്ഷ ബഹളത്തിൽ ഇന്നും പാർലമെൻറിൽ നടപടികൾ തടസ്സപ്പെട്ടു. തങ്ങൾ ഉന്നയിച്ച വിഷയങ്ങളിൽ ചർച്ച വേണമെന്ന് പ്രതിപക്ഷ പാർട്ടികൾ ആവശ്യപ്പെട്ടു. ഉച്ചയ്ക്ക് 2 മണി വരെ നിർത്തി വച്ച ലോക്സഭ വീണ്ടും സമ്മേളിച്ചപ്പോൾ എല്ലാ വിഷയങ്ങളിലും ചർച്ചയ്ക്ക് സർക്കാർ തയ്യാറാണെന്ന് പ്രിസൈഡിംഗ് ഓഫീസർ അറിയിച്ചു. പ്രതിപക്ഷ ബഹളത്തിനിടെ, ഗോവ നിയമസഭാ മണ്ഡലങ്ങളിലെ പട്ടികവർഗ പ്രാതിനിധ്യ പുനഃക്രമീകരണ ബിൽ 2024 ലോക്സഭ പാസാക്കി. എന്നാൽ പ്രതിപക്ഷ പ്രതിഷേധം തുടർന്നതോടെ ലോക്സഭാ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിലും സമാനമായ സാഹചര്യമാണുണ്ടായത്. വർഷകാല സമ്മേളനത്തിൽ സഭയിലെ നടപടിക്രമങ്ങൾ തടസപ്പെടുന്നതിൽ ഉപാധ്യക്ഷൻ ഹരിവംശ് ആശങ്ക പ്രകടിപ്പിച്ചു. ബഹളം രൂക്ഷമായതോടെ രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## RS-MANIPUR

മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ആറ് മാസത്തേക്ക് കൂടി നീട്ടുന്നതിനുള്ള പ്രമേയത്തിന് പാർലമെൻറിൻറെ അംഗീകാരം. രാജ്യസഭ ഇന്ന് ശബ്ദ വോട്ടോടെ പ്രമേയം അംഗീകരിച്ചു. രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയതിനു ശേഷം മണിപ്പൂരിൽ അക്രമസംഭവങ്ങൾ കുറഞ്ഞതായി പ്രമേയം അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് പറഞ്ഞു. ഇത് സംബന്ധിച്ച പ്രമേയത്തിന് ലോക്സഭ കഴിഞ്ഞയാഴ്ച അംഗീകാരം നൽകിയിരുന്നു. അതേസമയം, മണിപ്പൂരിൽ രാഷ്ട്രപതി ഭരണം

നീട്ടുന്നതിനെ ബിജെഡി അംഗം മുസിബുള്ള ഖാൻ എതിർത്തു. ഈ മാസം 13 മുതൽ ഉത്തരവ് പ്രാബല്യത്തിൽ വരും.

✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲

## PM - KARTHAVYA BHAVAN

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിലെ കർത്തവ്യ ഭവന്റെ ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് കർത്തവ്യപഥിൽ നടക്കുന്ന പൊതു പരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഡൽഹിയിലെ വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കുടക്കീഴിലാക്കി കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് കർത്തവ്യ ഭവൻ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്രമന്ത്രി മനോഹർ ലാൽ പത്രസമ്മേളനത്തിൽ വ്യക്തമാക്കി. ആഭ്യന്തരം, വിദേശകാര്യം, ഗ്രാമ വികസനം, MSME, പെട്രോളിയം, പ്രകൃതിവാതകം, തുടങ്ങിയവ യുൾപ്പെടെ നിരവധി പ്രധാന മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഓഫീസുകൾ കർത്തവ്യ ഭവൻ-3ൽ ഉണ്ടായിരിക്കും.

✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲

## INDIA - PHILIPPINES MOU(INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ഫിലിപ്പീൻസ് പ്രസിഡൻറ് ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസിൻറെയും സാന്നിധ്യത്തിൽ ഇന്ത്യയും ഫിലിപ്പീൻസും തമ്മിൽ ഒൻപത് ധാരണാപത്രങ്ങൾ കൈമാറി. ക്രിമിനൽ കാര്യങ്ങളിൽ പരസ്പര നിയമ സഹായം, തന്ത്രപരമായ പങ്കാളിത്തം, പ്രതിരോധം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയാണ് ധാരണാപത്രങ്ങളിൽ ഉൾപ്പെടുന്നത്. പഹൽഗാം ആക്രമണത്തെ ശക്തമായി അപലപിച്ചതിനും ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്കൊപ്പം നിലകൊണ്ടതിനും ഫിലിപ്പീൻസ് സർക്കാരിനോടും പ്രസിഡൻറിനോടും പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി പറഞ്ഞു. ഫിലിപ്പീൻസിൽ സോവറിൻ ഡാറ്റ ക്ലൗഡ് ഇൻഫ്രാ സ്ട്രക്ചർ വികസനത്തിൽ സഹകരിക്കാനും ഇന്ത്യ തീരുമാനിച്ചു. ഇന്ത്യ-ആസിയാൻ സ്വതന്ത്ര വ്യാപാര കരാറിൻറെ അവലോകനം എത്രയും വേഗം പൂർത്തിയാക്കുക എന്നതായിരിക്കും മുൻഗണനയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്.....)

✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲✲

## REV. UTTARAKHAND-CLOUDBURST

ഉത്തരാഖണ്ഡിൽ മേഘവിസ്ഫോടനത്തിൽ വ്യാപക നാശനഷ്ടം. ഉത്തരകാശി ജില്ലയിലെ ധരാലിയിൽ ഉണ്ടായ ദുരന്തത്തിൽ നിരവധിപേരെ കാണാതായ തായി സംശയം. ഘീർ ഗംഗ നദിയിലുണ്ടായ മിന്നൽ പ്രളയത്തെ തുടർന്ന് വീടുകളും കെട്ടിടങ്ങളും ഉൾപ്പടെ ഒലിച്ച് പോയി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സംഭവത്തിൽ ഉത്താരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി അതീവ ദുഃഖം രേഖപ്പെടുത്തി. ജനങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയതായും സ്ഥിതിഗതികൾ നിരീക്ഷിച്ച് വരുന്നതായും അദ്ദേഹം പറഞ്ഞു. ദുരിത ബാധിതർക്ക് സാധ്യമായ എല്ലാ സഹായവും നൽകുന്നുണ്ടെന്നും ശ്രീ ധാമി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM - AMIT SHAH-UTTARAKASHI

ഉത്തരകാശിയിലെ ധരാലിയിലുണ്ടായ മേഘവിസ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവർ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തിയ പ്രധാനമന്ത്രി സാധ്യമായ എല്ലാ സഹായവും നൽകുമെന്ന് ഉറപ്പ് നൽകി. ഇന്തോ ടിബറ്റൻ ബോർഡർ പൊലീസ് സംഘത്തേയും ദേശീയ ദുരന്ത പ്രതികരണ സംഘത്തേയും രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്കായി വിന്യസിച്ചതായി ശ്രീ അമിത് ഷാ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## KERALA RAIN (INTRO)

കേരളത്തിലും മഴക്കെടുതി രൂക്ഷം. കനത്ത മഴ തുടരുന്ന മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ടിൽ ഒലിപ്പുഴ കരകവിഞ്ഞൊഴുകുകയാണ്. നിരവധി വീടു കളിൽ വെള്ളം കയറി. തൃശ്ശൂരിലെ പല പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂക്ഷ മാണ്. കൊച്ചിയിൽ കലൂർ, ഇടപ്പള്ളി, പാലാരിവട്ടം എന്നിവിടങ്ങളിലും വെള്ള ക്കെട്ട് ഭീഷണിയുണ്ട്. കോഴിക്കോട് നരിപ്പറ്റ പഞ്ചായത്തിലെ കമ്മായി ത്തോടിൽ മലവെള്ളപ്പാച്ചിൽ ഉണ്ടായി. വാണിമേൽപുഴയിൽ ജലനിരപ്പ് ഉയർന്നു. ഇന്ന് എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രത ഉൾപ്പടെ എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ് നൽകിയിരുന്നു. നാളെ തെക്കൻ ജില്ലകളിൽ മഴയ്ക്ക് നേരിയ ശമന മുണ്ടാകുമെന്നാണ് അറിയിപ്പ്. മഴ മുന്നറിയിപ്പിനെ തുടർന്ന് കാസർഗോഡ്, തൃശൂർ ജില്ലകളിലെ വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് നാളെ അവധി നൽകി. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ എം.സ്മിതി....
(വോയിസ്.....)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## TN-RAIN

പശ്ചിമഘട്ട മലനിരകളിൽ ശക്തമായ മഴ തുടരുന്നതിനാൽ തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഊട്ടിയിലേക്ക് കേന്ദ്ര സർക്കാർ NDRF സംഘത്തെ അയച്ചു. നീലഗിരിയിലെ 283 ഇടങ്ങൾ ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലയായി കണക്കാക്കിയിട്ടുണ്ട്. സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനും ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനുമായി തമിഴ്നാട് സർക്കാർ 42 സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## VOTERS LIST

കേരളത്തിൽ തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും മറ്റന്നാൾ വരെ അവസരം. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തു ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SATYAPAL MALIK PASSES AWAY

ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക് അന്തരിച്ചു. 79 വയസ്സായിരുന്നു. ഗോവ, മേഘാലയ സംസ്ഥാനങ്ങളിലെ ഗവർണറായും അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അനുശോചിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## JHARKHAND-SHIBU SOREN-LAST RITES

ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും രാജ്യസഭാ എം.പിയുമായ ഷിബു സോറൻറെ അന്ത്യകർമങ്ങൾ ഝാർഖണ്ഡിലെ രാംഗഡ് ജില്ലയിലെ

നെമ്രയിൽ നടന്നു. ഇളയ മകനും ദുംക എം.എൽ.എയുമായ ബസന്ത് സോറൻ അന്ത്യകർമങ്ങൾ നടത്തി. മകനും ഝാർഖണ്ഡ് മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ, മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് എംപിയുമായ സുബോധ്കാന്ത് സഹായ് എന്നിവരുൾപ്പെടെ സംസ്കാര ചടങ്ങിൽ പങ്കെടുത്തു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NITIN GADKARI (INTRO)

രാജ്യത്ത് പ്രതിവർഷം ഒരു ലക്ഷത്തി,80,000 പേർ റോഡപകടങ്ങളിൽ മരിക്കുന്നതായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിൻറെ ഭാഗമായി ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഗ്ലോബൽ ഇന്ത്യൻസ് കോൺക്ലേവ് 2025നെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.
**(ഹോൾഡ് വോയ്സ്...)**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## MURUGAN - CONFERENCE

സമഗ്രവും കാര്യക്ഷമവുമായ മാധ്യമ, വിനോദ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും വലിയ പങ്കുണ്ടെന്ന് വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സർഗ്ഗാത്മക പ്രവർത്തനങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ഓറഞ്ച് സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. വാർത്താ വിതരണ പ്രക്ഷേപണ സെക്രട്ടറി സഞ്ജയ് ജാജു ഉൾപ്പെടെയുള്ളവർ പരിപാടിയിൽ പങ്കെടുത്തു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 308 പോയിൻറ് ഇടിഞ്ഞ് 80,710 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 73 പോയിൻറ് നഷ്ടത്തിൽ 24,650 ലും വ്യാപാരം അവസാനിപ്പിച്ചു.

## PIB FACT CHECK

ഉദയ്പൂർ ഫയൽസ് സിനിമയുടെ നിർമ്മാതാവ് അമിത് ജാനി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവുമായി കൂടിക്കാഴ്ച നടത്തിയതായി അവകാശപ്പെടുന്ന വാർത്താ റിപ്പോർട്ട് തള്ളി കേന്ദ്രസർക്കാർ. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അത്തരമൊരു കൂടിക്കാഴ്ച നടത്തിയിട്ടില്ലെന്ന് PIB ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

## RUSSIA-INDIA TARIFF

പരമാധികാര രാജ്യങ്ങൾക്ക് വ്യാപാര പങ്കാളികളെ സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ടെന്നും എണ്ണ വ്യാപാരവുമായി ബന്ധപ്പെട്ട് ഇന്ത്യയ്ക്കെതിരായ യുഎസ് ഭീഷണികളെ തള്ളുന്നതായും റഷ്യ. അത്തരം നടപടികൾ നിയമ വിരുദ്ധമാണെന്നും യുഎസിനെ വിമർശിച്ച ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ്, പറഞ്ഞു. റഷ്യൻ എണ്ണ വാങ്ങുന്നതിനും വീണ്ടും വിൽക്കുന്നതിനും ഇന്ത്യക്ക് മേൽ തീരുവ ഉയർത്തുമെന്ന യുഎസ് പ്രസിഡന്റിന്റെ മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിലാണ് പരാമർശം.